# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 2236 — 18.12.2012 ൽ മറുപടിയ്ക്ക്

### വയനാട് - മൈസൂർ യാത്രാ നിയന്ത്രണം

| ചോദ്യം<br>ശ്രീ. മാത്യു റ്റി. തോമസ്<br>,, ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ. നാണു | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) വയനാട്ടിൽ നിന്ന് ബന്ദിപ്പൂർ വഴി മൈസൂരിലേക്കുള്ള യാത്രയ്ക്ക് ഏർപ്പെടുത്തി - യിട്ടുള്ള നിയന്ത്രണം പിൻവലിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | കർണ്ണാടക ഹൈക്കോടതി WP(C) No. 17498/2009 ൽ 09/03/2010 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം വയനാട്ടിൽ നിന്ന് ബന്ദിപ്പൂർ വഴി മൈസൂരിലേക്കുള്ള ഗതാഗതം രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയ്ക്ക് നിരോധിക്കുകയുണ്ടായി. ഇതിനെതിരെ 2010 ഏപ്രിൽ മാസത്തിൽ SLP(C) No. 13838/2010 ആയി കേരളം സുപ്രീംകോടതിയിൽ പ്രത്യേകാനുമതിഹർജി സമർപ്പിച്ചു. 2010 മെയ് 5 ന് അന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ച് നിവേദനം നല്കുകയുണ്ടായി. കൂടാതെ കേസ്സിൽ കക്ഷി ചേരണമെന്നും കേരളത്തിന് സഹായകരമായ നിലപാട് സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് & ഹൈവേ മന്ത്രാലയത്തിന് സംസ്ഥാനസർക്കാർ കത്തും നല്കിയിരുന്നു. 18/02/2012 ൽ കർണ്ണാടക മുഖ്യമന്ത്രിയുമായി കേരള മുഖ്യമന്ത്രി ഈ വിഷയം ചർച്ച ചെയ്തുവെങ്കിലും സുപ്രീംകോടതിയിൽ കേസ്സ് നിലവിലുള്ളതിനാൽ ഇതു സംബന്ധിച്ച തീരുമാനം ഒന്നും എടുത്തില്ല. പ്രത്യേക അനുമതി ഹർജി ഇപ്പോഴും സുപ്രീംകോടതിയുടെ പരിഗണനയിലാണ്. ഹർജിയിൽ സംസ്ഥാനത്തിന്റെ വാദം കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും അവതരിപ്പിക്കുവാൻ സീനിയർ അഡ്വക്കേറ്റിന്റെ സേവനം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) രാത്രികാല യാത്ര പുന:സ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തോട് കർണ്ണാടക സർക്കാർ പ്രതികരിച്ചിട്ടുണ്ടോ; എങ്കിൽ ഏതു വിധത്തിലെന്ന് വിശദമാക്കാമോ ; | (ബി) | രണ്ട് ബസ്സുകൾക്ക് നിരോധിത സമയത്ത് സർവ്വീസ് നടത്താൻ അനുമതി നല്കാമെന്ന കോടതി നിർദ്ദേശത്തെ തുടർന്ന് ടി അനുമതിക്കായി ചാമരാജനഗർ ജില്ലാ കളക്ടർക്ക് കെ.എസ്.ആർ.ടി.സി. അപേക്ഷ നല്കിയതിന്റെ അടിസ്ഥാനത്തിൽ എറണാകുളത്തു നിന്നും കോട്ടയത്തു നിന്നും ഓപ്പറേറ്റ് ചെയ്യുന്ന രണ്ട് ബസ്സുകൾ രാത്രികാല നിരോധനമില്ലാതെ ബാംഗ്ലൂരിലേക്കും തിരിച്ചും സർവ്വീസുകൾ 2010 സെപ്റ്റംബർ മാസം മുതൽ നടത്തി വരുന്നുണ്ട്. പിന്നീട് കെ.എസ്.ആർ.ടി.സി.-യുടെ നിരന്തര ആവശ്യം പരിഗണിച്ച് നാല് സർവ്വീസുകൾ കൂടി അനുവദിച്ചിട്ടുണ്ട്. | |
| (സി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ എന്തെങ്കിലും ചർച്ചകൾ നടന്നു വരുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ? | (സി) | 18/02/2012 ൽ ബഹു.കർണ്ണാടക മുഖ്യമന്ത്രിയുമായി കേരള മുഖ്യമന്ത്രി ഈ വിഷയം ചർച്ച ചെയ്തുവെങ്കിലും സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതിനാൽ ഇത് സംബന്ധിച്ച് തീരുമാനം ഒന്നും എടുത്തില്ല. അതിനുശേഷം കർണ്ണാടക സർക്കാരുമായി ചർച്ചകൾ ഒന്നും നടത്തിയിട്ടില്ല. | |

സെക്ഷൻ ഓഫീസർ.